5. ചീഫ് ഓഫീസ് തലത്തിലും യൂണിറ്റ് തലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഇൻസ്പെക്ടർമാർ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളുന്നതാണ്.

6. പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് പരാതിക്കാരെ വിവരം അറിയിക്കാറുണ്ട്.

7. കെ.എസ്.ആർ.ടി.സി. ബസ്സുകൾ അപകടത്തിൽപ്പെടുന്ന സന്ദർഭങ്ങളിൽ അപകടത്തിൽപ്പെട്ടവർക്ക് എം.എ.സി.റ്റി. മുമ്പാകെ കേസ്സുകൾ നൽകുന്നതിനായി വാഹനത്തിന്റെ ഇൻഷ്വറൻസ് സംബന്ധമായ വിവരങ്ങൾ നൽകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിന് നടപടി

151 (601) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി സീസൺ ടിക്കറ്റ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) സീസൺ ടിക്കറ്റ് ഇത്രയും കാലവും ഏർപ്പെടുത്താതിരുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) നിശ്ചിത റൂട്ടുകളിൽ അടിയന്തരമായി സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ യാത്രക്കാർക്ക് ആകർഷകവും ആദായകരവുമായ യാത്ര എന്ന ലക്ഷ്യത്തോടെ 6-3-2010 മുതൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ പ്രഥമ ഘട്ടമെന്ന നിലയിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിൽവരുത്തുകയുണ്ടായി. അപ്രകാരം നടപ്പിൽവരുത്തിയതുമൂലം 30 ദിവസം തുടർച്ചയായി യാത്രചെയ്യുന്ന യാത്രികന് 25 ദിവസത്തെ യഥാർത്ഥ ടിക്കറ്റിന്റെ തുക ഒടുക്കിയാൽമതിയാകും എന്നായിരുന്നു വ്യവസ്ഥ, എന്നാൽ പ്രസ്തുത സമ്പ്രദായം യാത്രക്കാർക്ക് പര്യാപ്തമല്ലായെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 1-7-2010 മുതൽ 20 ദിവസത്തെ യഥാർത്ഥ ടിക്കറ്റ് നിരക്കിൽ ഒരു മാസത്തെ (പരമാവധി 31 ദിവസം) യാത്രയ്ക്കായി പരിഷ്ക്കരിക്കുകയുണ്ടായി. അപ്രകാരം കോർപ്പറേഷന്റെ എല്ലാത്തരം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസിനും 75 കി.മീ. അധികരിക്കാത്ത ദൂരത്തിന് യാത്ര ചെയ്യാവുന്നതാണ്. പ്രസ്തുത സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോഴും കാസർഗോഡ്-മംഗലാപുരം റൂട്ടിൽ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 12-2-2009-ലെ സർക്കാർ ഉത്തരവ് G.O.(P) നമ്പർ 25/2009/ട്രാൻ. പ്രകാരമാണ് പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിൽവരുത്തിയത്. ടി ഉദ്യമം വിജയപ്രദമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേക്കുംകൂടി വ്യാപിപ്പിക്കുന്നകാര്യം പരിശോധനയിലാണ്.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസുകൾ

152 (602) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2009-നുശേഷം കെഎസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് വ്യക്തമാക്കുമോ ; പുതിയ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയത് ഏതെല്ലാം ഡിപ്പോയിൽനിന്നാണ് ; റൂട്ടും സമയവും ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

ബസ്സുകളുടെ ഷാസികളാണ് കെ.എസ്.ആർ.ടി.സി. വാങ്ങുന്നത്. 2009-ന് ശേഷം ഇതുവരെ 723 പുതിയ ഷാസികൾവാങ്ങി. പുതിയ ബസ്സുകൾ സർവ്വീസ് നടത്തുവാൻ അനുമതി നൽകിയതിന്റെ ജില്ലതിരിച്ചുള്ള ഷെഡ്യൂളുകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഡ്രൈവിംഗ് ലൈസൻസിനായി ഹാജരാക്കേണ്ട മേൽവിലാസം സംബന്ധിച്ച രേഖകൾ

153 (603) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടപ്രകാരം ഡ്രൈവിംഗ് ലൈസൻസിനായി ഹാജരാക്കേണ്ട മേൽവിലാസം സംബന്ധിച്ച രേഖകൾ നിർദ്ദേശിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വാടകയ്ക്ക് താമസിക്കുന്നവരുടെയും കൂട്ടുകുടുംബങ്ങളിൽ ഉൾപ്പെടുന്നവരുടെയും കാര്യത്തിൽ കൈവശരേഖകളിലെ മേൽവിലാസത്തിൽ വ്യത്യാസമുണ്ടാകുമെന്നതിനാൽ അവരുടെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻസ് സർട്ടിഫിക്കറ്റ് മേൽവിലാസ രേഖയായി അംഗീകരിക്കുന്നതിൽ നിയമതടസ്സമുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) പഞ്ചായത്തിരാജ് സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ, അത്തരം സ്ഥാപനങ്ങൾ നൽകുന്ന റസിഡൻസ് സർട്ടിഫിക്കറ്റ് മേൽവിലാസത്തിന് രേഖയായി സ്വീകരിക്കാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly